(ഡി) ജില്ലാ വ്യവസായ കേന്ദ്രം കോഴിക്കോട് ഈ മേളയുമായി സഹകരിക്കുകയുണ്ടായി. ഈ മേളയുമായി ചേർന്ന് ജില്ലാ വ്യവസായ കേന്ദ്രം 5 ലക്ഷം രൂപ ചെലവഴിച്ച് മെഷിനറി പ്രദർശന മേള നടത്തുകയുണ്ടായി. ഈ മേളയിൽ പങ്കെടുക്കുന്നതിന് വ്യവസായ വകുപ്പിനും കെ. ബിപ്പിനും വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്കും അനുമതി നൽകിയിരുന്നു.

## കോമളപുരം സഹകരണ സ്പിന്നിങ് മില്ലിന്റെ അവസ്ഥ

**158(2147)** ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോമളപുരം സഹകരണ സ്പിന്നിങ്ങ് മില്ലിന്റെ ഇപ്പോഴത്തെ അവസ്ഥ പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) സ്പിന്നിങ്ങ് മില്ലിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിനും ഉദ്ദേശ്യലക്ഷ്യം കൈവരിക്കുന്നതിനും ഉതകുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ആലപ്പുഴ ജില്ലയിലെ കോമളപുരത്ത് കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ മേൽനോട്ടത്തിൽ പണി പൂർത്തിയാക്കി ട്രയൽ റൺ ചെയ്ത പദ്ധതിയാണ് കോമളപുരം സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ്. താഴെ പറയുന്ന കാരണങ്ങൾമൂലം മില്ലിൽ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല.

1. യന്ത്രങ്ങൾ

പദ്ധതിക്കാവശ്യമായ യന്ത്രസാമഗ്രികളിൽ ആറ് കോൺവൈന്റിംഗ് മെഷീനുകളും ഒരു സിംപ്ലക്സ് മെഷീനും, വാർപ്പ്ടൈയിംഗ് മെഷീനും ഫാബ്രിക് ഫോൾഡിംഗ് ആന്റ് പ്ലേറ്റിംഗ് മെഷീനും സ്ഥാപിക്കേണ്ടതുണ്ട്.

2. വൈദ്യുതി കണക്ഷൻ

പദ്ധതിക്കാവശ്യമായ വൈദ്യുതി കണക്ഷൻ ലഭിച്ചിരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

3. നിയമനങ്ങൾ

പദ്ധതിക്കാവശ്യമായ തൊഴിലാളികളെയും ജീവനക്കാരെയും നിയമിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചെങ്കിലും, ഇതിനെതിരെ ബഹു. ഹൈക്കോടതി മുൻപാകെ വിവിധ കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ പദ്ധതിക്കാവശ്യമായ നിയമനങ്ങൾ നടത്തുവാൻ സാധിച്ചിട്ടില്ല.

കൂടാതെ പുനരുദ്ധാരണത്തിനു മുൻപുണ്ടായിരുന്ന കേരളാ സ്പിന്നേഴ്സ് ലിമിറ്റഡിലെ തൊഴിലാളികൾക്ക്, 2010-ലെ ആലപ്പുഴയിലെ കേരളാ സ്പിന്നേഴ്സ് (വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ആക്ടിലെ വ്യവസ്ഥകൾ പ്രകാരം നിയമനത്തിൽ മുൻഗണന ലഭിക്കണമെന്നാവശ്യപ്പെട്ട് ബഹു. ഹൈക്കോടതി മുൻപാകെ കേസുകൾ നിലവിലുണ്ട്. അവയും തീർപ്പാക്കിയിട്ടില്ല.

(ബി) കോമളപുരം സ്പിന്നിംഗ് ആന്റ് വീവിംഗ് മില്ലിന്റെ പുനരുദ്ധാരണത്തിനായി കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച പദ്ധതി നിർദ്ദേശം സർക്കാർ അംഗീകരിക്കുകയും നിലവിലുള്ള യന്ത്രങ്ങൾ ഉപയോഗിച്ച് 4800 സ്പിൻഡിൽവച്ച് പ്രവർത്തനം തുടങ്ങുന്നതിനായി 596.04 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. ആ തുക ഉപയോഗിച്ച് 600 KVA വൈദ്യുതി ലഭ്യമാക്കുന്ന ജോലികളും, നിലവിലുള്ള യന്ത്രങ്ങളുടെ 'ഓവർഹോളിംഗും' നടത്താൻ കഴിയും. ആദ്യഘട്ടത്തിൽ ആവശ്യമുള്ള ജീവനക്കാരെ നിയമിക്കുന്നതിന് തടസ്സമായുള്ള കേസുകളിൽ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം തേടിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ റിക്രൂട്ട്മെന്റ് നടത്തി മിൽ പ്രവർത്തനസജ്ജമാക്കാനാകും.

## കശുവണ്ടിവികസന കോർപ്പറേഷനിലെ തൊഴിലാളികളുടെ പി. എഫ്. കുടിശ്ശിക

**159(2148)** ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കശുവണ്ടി വികസന കോർപ്പറേഷനിലെ തൊഴിലാളികളുടെ പി.എഫ്. കുടിശ്ശിക അടച്ച് തീർക്കാത്തതിനുള്ള കാരണം വിശദമാക്കുമോ ;

(ബി) എന്ന് മുതലുള്ള പി.എഫ്. കുടിശ്ശികയാണ് അടയ്ക്കാനുള്ളത് എന്നറിയിക്കാമോ ;

(സി) പ്രസ്തുത കുടിശ്ശിക അടയ്ക്കുന്നതിന് എത്ര തുകയാണ് വേണ്ടത് എന്നറിയിക്കാമോ ;

(ഡി) പ്രസ്തുത കുടിശ്ശിക അടച്ച് തീർക്കാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly